LIBRARY ARCHIVES Kerala Legislative Assembly

**അഴിമതിമുക്ത കേരളം**

9 (*428) ശ്രീ. കെ. ആൻസലൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എ. രാജ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഴിമതി പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും തദ്വാരാ അഴിമതി നിർമ്മാർജ്ജനം സാധ്യമാക്കുന്നതിനും ഉതകുന്ന വിവിധ പദ്ധതികൾ ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ആവശ്യാനുസരണം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും, ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുകയും പുതിയ വാഹനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥർക്ക് സഹായകരമായി ആധുനിക ഡിജിറ്റൽ ക്യാമറകളും നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും, കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്.

(ബി) അഴിമതി സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സ്വീകരിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ അറിയിക്കുന്നതിനും സമർപ്പിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വെബ് സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് IAPS (Internal Administrative Processing System) മുഖേന ബ്യൂറോയുടെ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും ചെയ്യുന്നുണ്ട്.

(സി) അഴിമതിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

അഴിമതി നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലെയും ഇന്റേണൽ വിജിലൻസ് വിഭാഗത്തിന് ആവശ്യമായ പരിശീലനം നൽകുകയും അവരുടെ കോൺഫറൻസുകൾ സംഘടിപ്പിക്കുകയും ചെയ്യുവരുന്നു. ഇതിനുപുറമേ പൊതുസ്ഥലങ്ങളിലും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ പരിപാടികൾ ബ്യൂറോയുടെ നേതൃത്വത്തിൽ നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്.

**മാതൃ, ശിശു മരണ നിരക്ക് കുറയ്ക്കാൻ നടപടി**

10 (*429) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) ദേശീയ ആരോഗ്യ സൂചികയിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം നിലനിർത്താനായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നീതി ആയോഗിന്റെ Sustainable Development Goals India Index 3.0 (2020-21) പ്രകാരം സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ മൂന്നാമത്തെ ലക്ഷ്യമായ ആരോഗ്യ സൂചികയിൽ കേരളത്തിന്റെ സ്ഥാനം ഒൻപതാമതാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ 75 പോയിന്റുമായി കേരളം ഒന്നാം സ്ഥാനത്താണെങ്കിലും നീതി ആയോഗ് പുറത്തിറക്കിയ പ്രസ്താവന പ്രകാരം സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ മൂന്നാമത്തെ ലക്ഷ്യമായ ആരോഗ്യ സൂചികയിൽ കേരളത്തിന്റെ സ്ഥാനം ഒൻപതാമതായ കാരണങ്ങൾ ഇവയാണ്:

1. സംയോജിത ആരോഗ്യ സൂചികയിൽ നിന്ന് വ്യത്യസ്തമായി, SDG ഇന്ത്യ 3.0 MMR, U5MR പോലുള്ള പ്രധാന ആരോഗ്യ ഫലസൂചകങ്ങൾ ആരോഗ്യ സൂചികയിൽ കണക്കിലെടുക്കുന്നില്ല.

2. ഇൻഡിക്കേറ്ററുകളുടെ നോർമലൈസ്ഡ് സ്കോറുകൾ ടാർഗെറ്റിനെ അടിസ്ഥാനമാക്കിയുള്ളതും ടാർഗെറ്റ് മൂല്യത്തേക്കാൾ വലിയ മൂല്യങ്ങൾ 100 ആയി പരിമിതപ്പെടുത്തിയിരിക്കുന്നതും ആയതിനാൽ, ലക്ഷ്യത്തിനപ്പുറം മികച്ച പ്രകടനം ഇൻഡക്സിൽ പ്രതിഫലിക്കുന്നില്ല. അല്ലാത്തപക്ഷം, ഇൻഡക്സ് 72 -ന് പകരം 95 ആകും.